**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 251** **08-10-2025 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സമാന സ്വഭാവമുള്ള തൊഴിലാളി ക്ഷേമബോർഡുകളെ സംയോജിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കുമോ; | (എ) | തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പുനഃസംഘടന നടപ്പിലാക്കുന്നതിനുള്ള നടപടികൾ എസ്.ശ്രീനിവാസൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി ക്ഷേമനിധി ബോർഡുകളുടെ എണ്ണം നിലവിലുള്ള 16-ൽ നിന്നും 11 ആക്കി കുറച്ചുകൊണ്ട് 29/06/2020-ലെ സ.ഉ(കൈ)നം. 35/2020/തൊഴിൽ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.<br><br>സംയോജിപ്പിക്കുന്ന ബോർഡുകൾക്ക് നിയമനിർമ്മാണം നടത്തുന്നതിനായി കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുകയും ടി റിപ്പോർട്ട് ലേബർ കമ്മീഷണറേറ്റിലെ നിയമപരിഷ്കരണ സമിതി വിശദമായി പരിശോധിച്ച്, സംയോജിപ്പിക്കുന്ന ഇരു ബോർഡുകളുടെയും നിധിയും വിവിധ പദ്ധതികളും തികച്ചും വ്യത്യസ്തമായതിനാൽ ഇരു ബോർഡുകളെയും സംയോജിപ്പിച്ചുകൊണ്ട് നിധിയും ക്ഷേമ പ്രവർത്തനങ്ങളും സ്വതന്ത്രമായി തുടരുന്നതാണ് അഭികാമ്യമെന്ന് ലേബർ കമ്മിഷണർ അഭിപ്രായപ്പെടുകയും തുടർന്ന് ടി വിഷയത്തിന്മേൽ പ്രത്യേക സെൽ രൂപീകരിച്ച് ക്ഷേമനിധി ബോർഡുകളുടെ സംയോജനം നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ച് സംയോജിത രേഖയുടെ കരട് സമർപ്പിക്കുവാനും ലേബർ കമ്മിഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് . |
| (ബി) | ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം സുതാര്യമായി നടത്തുന്നതിന് ആവിഷ്കരിച്ച | (ബി) | തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അംഗങ്ങളുടെ |

| | | | |
|---|---|---|---|
| | ഡിജിറ്റൈസേഷൻ നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | | വിവരശേഖരണത്തിനും ദ്വയാംഗത്വം കണ്ടെത്തുന്നതിനുമായി അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇൻറർഫേസ് സിസ്റ്റം (AIIS) എന്ന സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ട്. AIIS സോഫ്റ്റ് വെയറിന്റെ ഒന്നാംഘട്ടമായ രജിസ്ട്രേഷൻ ഇപ്പോൾ പ്രവർത്തനസജ്ജമാണ്. പ്രസ്തുത സോഫ്റ്റ് വെയറിന്റെ രണ്ടാം ഘട്ടത്തിലാണ് ആനുകൂല്യ വിതരണം, പേയ്മെന്റ് എന്നിവ ഉൾപ്പെടുത്തിയിട്ടുള്ളത്. രണ്ടാം ഘട്ടത്തിന് കെൽട്രോൺ സമർപ്പിച്ച പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.<br><br>അതോടൊപ്പം തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളിൽ കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകളിലൊഴികെ മറ്റ് ബോർഡുകളിൽ ഇ-ഓഫീസ് സംവിധാനം നിലവിലുണ്ട്. സേവന എന്ന ആധാർ അധിഷ്ഠിത സോഫ്റ്റ്‌വെയർ വഴിയാണ് സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് മുഖേന ക്ഷേമ പെൻഷൻ നൽകിവരുന്നത്. അതിനാൽ തന്നെ പെൻഷൻ നൽകുന്നതിലെ ഇരട്ടിപ്പ് തടയാൻ സാധിച്ചിട്ടുണ്ട് . |
| (സി) | തൊഴിൽ മേഖലകൾ മാറുന്നതിനുസരിച്ച് അംഗത്വ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളിൽ, തൊഴിൽ മേഖലകൾ മാറുന്നതനുസരിച്ച് തൊഴിലാളികളുടെ അപേക്ഷകളിന്മേൽ ബോർഡുകളിലെ അംഗത്വം റദ്ദ് ചെയ്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. പ്രസ്തുത ക്ഷേമനിധി ബോർഡുകളിലെ തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനും ദ്വയാംഗത്വം കണ്ടെത്തുന്നതിനുമായി രൂപകൽപ്പന ചെയ്തതാണ് അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇൻറർഫേസ് സിസ്റ്റം എന്ന സോഫ്റ്റ് വെയർ. ടി സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികളുടെ തൊഴിൽ മേഖലകൾ മാറുന്നതനുസരിച്ച് ഒരു ബോർഡിലെ അംഗത്വം റദ്ദ് ചെയ്യുന്നതിനും മറ്റൊരു ബോർഡിൽ രജിസ്റ്റർ ചെയ്യുന്നതിനും സാധിക്കുന്നതാണ്. |
| (ഡി) | രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് ക്ഷേമനിധി പദ്ധതികളിലൂടെ ലഭിക്കുന്ന ഗുണങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളിൽ നിന്നും അംഗങ്ങൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങളുടെയും സേവനങ്ങളുടെയും വിവരങ്ങൾ വ്യക്തമാക്കി കൊണ്ടുള്ള ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. അതോടൊപ്പം കാലതാമസം കൂടാതെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതുമായി |

| | | | | |
|---|---|---|---|---|
| | | | | ബന്ധപ്പെട്ട് മാർഗ്ഗ നിർദ്ദേശങ്ങൾ മേഖലാ ഓഫീസുകൾക്ക് നൽകുകയും കൃത്യമായ രേഖകളോട്ടുകൂടിയ ആനുകൂല്യ അപേക്ഷകൾക്ക് യഥാസമയം തുക ബാങ്ക് അക്കൗണ്ട് മുഖാന്തിരം (ഡി.ബി.ടി മോഡൽ) വിതരണം ചെയ്തു വരുന്നു. അംഗങ്ങൾക്ക് അംശദായം, അംശദായ കുടിശിക അടക്കൽ, പദ്ധതിയെക്കുറിച്ചു അറിയിപ്പ് നൽകൽ എന്നിവയ്ക്കായി ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നു. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച്, അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ആനുകൂല്യങ്ങൾ അനുവദിക്കാറുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന കെട്ടിട നിർമ്മാണ സെസ്സ് പിരിവ് ആരംഭിച്ചതിനു ശേഷം, മുൻപ് പ്രതിമാസം ഏകദേശം 30 കോടി രൂപയായിരുന്ന സെസ്സ് കളക്ഷൻ നിലവിൽ ഏകദേശം 50 കോടി രൂപ പ്രതിമാസം ലഭിക്കുന്നുണ്ട്. ടി കളക്ഷനിൽ ഇനിയും വർദ്ധനവ് വരുമെന്ന് പ്രതീക്ഷിക്കുന്നുണ്ട്. ബോർഡുകളെ സംബന്ധിച്ച വിശദ വിവരം അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് – തൊഴിൽ വകുപ്പിനു കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ എണ്ണം കുറയ്ക്കുന്നതിനും അതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=========================================================================

**തൊഴിലും നൈപുണ്യവും (ജെ) വകുപ്പ്**

സ.ഉ. (കൈ) നമ്പർ.**35**/2020/തൊഴിൽ　　　　തിരുവനന്തപുരം, തീയതി. 29.06.2020

=========================================================================

പരാമർശം – ലേബർ കമ്മീഷണർ അദ്ധ്യക്ഷനായുള്ള സബ്കമ്മിറ്റി റിപ്പോർട്ട്.

**ഉത്തരവ്**

തൊഴിലാളി ക്ഷേമപ്രവർത്തനങ്ങളിൽ നമ്മുടെ സംസ്ഥാനം എന്നും രാജ്യത്തിന് മാതൃകയാണ്. പരമ്പരാഗത മേഖലയിലേയും അസംഘടിത മേഖലയിലേയും തൊഴിലാളികൾക്ക് സാമൂഹ്യസുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിനും ഈ വിഭാഗം തൊഴിലാളികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും വേണ്ടിയാണ് നമ്മുടെ സംസ്ഥാനത്ത് ക്ഷേമനിധി ബോർഡുകൾ രൂപീകരിക്കുകയും ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുള്ളത്.

2. എന്നാൽ വിവിധ കാലഘട്ടങ്ങളിലായി അംഗങ്ങളുടേയും പെൻഷൻകാരുടെയും എണ്ണത്തിലുണ്ടായിട്ടുള്ള വർദ്ധനവ് മൂലവും വർദ്ധിച്ചുവരുന്ന ഭരണചെലവ് മൂലവും ഒട്ടുമിക്ക ക്ഷേമനിധി ബോർഡുകളും സാമ്പത്തിക പ്രതിസന്ധിയിലാകുന്ന സ്ഥിതിവിശേഷം ഉണ്ടായിരിക്കുകയാണ്.

3. ഈ സാഹചര്യത്തിൽ ക്ഷേമനിധി ബോർഡുകൾ സാമ്പത്തികമായി സ്വയംപര്യാപ്തത കൈവരിക്കുന്നതിനും അവയുടെ പ്രവർത്തനം സുഗമമാക്കുന്നതിനും ബോർഡുകളുടെ പുനഃസംഘടനയും, ശാക്തീകരണവും, അംശദായ നിരക്ക് വർദ്ധിപ്പിക്കലും അത്യന്താപേക്ഷിതമായിരിക്കുന്നു. ആയതിനാൽ വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പുവരുത്തികൊണ്ട് ക്ഷേമനിധി ബോർഡുകളുടെ എണ്ണം കുറയ്ക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയായി മാറിയിരിക്കുന്നു.

4. ഇത് സംബന്ധിച്ച ചർച്ചകൾ നടത്തുന്നതിനും സർക്കാരിന് ശുപാർശ സമർപ്പിക്കുന്നതിനും ലേബർ കമ്മീഷണർ അദ്ധ്യക്ഷനായി ട്രേഡ് യൂണിയനുകളുടെ പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കുകയും, പ്രസ്തുത കമ്മിറ്റി, ബോർഡുകളുടെ ക്ഷേമപ്രവർത്തനങ്ങൾ, സാമ്പത്തിക സ്ഥിതി, ഭരണചെലവ് സംബന്ധിച്ചുള്ള സമഗ്രവിവരങ്ങൾ എന്നിവ പരിശോധിച്ച്, ആവശ്യമായ ചർച്ചകൾ നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി.

5. പ്രസ്തുത സബ്കമ്മിറ്റി റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് ആകെ ക്ഷേമനിധി ബോർഡുകളുടെ എണ്ണം 11- ആയി കുറയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

i) **കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്** കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡുമായി സംയോജിപ്പിക്കുന്നു.

ii) **കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്** കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡുമായി സംയോജിപ്പിക്കുന്നു.

iii) **കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്** എന്നിവ കേരള ലേബർ വെൽഫയർ ഫണ്ട് ബോർഡുമായി സംയോജിപ്പിക്കുന്നു.

iv) **കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്** കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡുമായി സംയോജിപ്പിക്കുന്നു.

6. ഇതിൻ പ്രകാരം ബോർഡുകളുടെ എണ്ണം 11- ആയി കുറയ്ക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സത്യജീത് രാജൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ലേബർ കമ്മീഷണർ, തിരുവനന്തപുരം
തൊഴിൽ വകുപ്പിലെ എല്ലാ ക്ഷേമനിധി ബോർഡുകൾക്കും
തൊഴിലും നൈപുണ്യവും വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് [24.06.2020 ലെ മന്ത്രിസഭാ യോഗ തീരുമാനം നം.4078 പ്രകാരം.]
ധനകാര്യ വകുപ്പ്
നിയമ വകുപ്പ്
വിവര സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പി.എസ് -ന്
തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്

## അനുബന്ധം

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ഗുണഭോക്താക്കളുടെ ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട് മുഖാന്തിരം നൽകി വരുന്നു. ബോർഡിൽ പെൻഷൻ ഫണ്ട് രൂപീകരിക്കുകയും ആയതിൽ നിന്ന് ലഭിക്കുന്ന പലിശ ഇനത്തിലുള്ള തുക ഉപയോഗപ്പെടുത്തി കുടിശ്ശികയില്ലാതെ നാളിതുവരെ പെൻഷൻ വിതരണം നടത്തി വരുന്നു.

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് എന്നീ ബോർഡുകളിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ആനുകൂല്യങ്ങൾ അനുവദിക്കാറുണ്ട്.

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് (അവശത പെൻഷൻ ഒഴികെ), കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകളിൽ നിന്നും ആനുകൂല്യങ്ങൾ എല്ലാം സമയബന്ധിതമായി നൽകാറുണ്ട്.

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾക്ക് അപാകതകൾ ഇല്ലാതെ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്തുവരുന്നുണ്ട്. കാലതാമസം, കുടിശിക എന്നിവ ഉള്ള അപേക്ഷകൾ 1999-ലെ കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതി അദ്ധ്യായം 7 ഖണ്ഡിക 18 ഉപഖണ്ഡിക 7 പ്രകാരം സർക്കാർ അനുമതി നൽകുന്ന മുറയ്ക്ക് അനുവദിച്ചു വിതരണം നടത്തി വരുന്നുണ്ട്. കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് തൊഴിലാളികൾക്കും ആശ്രിതർക്കുമായി നൽകുന്ന ആനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിച്ചും സമയബന്ധിതമായി തൊഴിലാളികൾക്ക് അനുവദിച്ച് നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുള്ളതാണ്. തനത് ഫണ്ട് ഉപയോഗിച്ചാണ് ബോർഡ് പ്രവർത്തിച്ചു വരുന്നത്. അൺഅറ്റാച്ച്ഡ് വിഭാഗം തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനായി സർക്കാരിൽ നിന്നോ മറ്റു വിഭാഗങ്ങളിൽ നിന്നോ യാതൊരു സഹായവും കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന് നൽകുന്നില്ല. ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിൽ നിന്നും തൊഴിലാളികൾക്ക് റിട്ടയർമെന്റ് ആനുകൂല്യം, ചികിത്സ ആനുകൂല്യങ്ങൾ, കൂടാതെ മറ്റു ക്ഷേമാനുകൂല്യങ്ങൾ എന്നിവ സമയബന്ധിതമായും കൃത്യമായും അനുവദിച്ചു വിതരണം ചെയ്തു വരുന്നുണ്ട്.

കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും അംഗങ്ങൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങളുടെയും സേവനങ്ങളുടെയും വിവരങ്ങൾ വ്യക്തമാക്കി ക്കൊണ്ടുള്ള ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് കാലതാമസം കൂടാതെ ഉത്തരവാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ മേഖലാ ഓഫീസുകൾക്ക് നൽകുകയും കൃത്യമായ രേഖകളോട്ടുകൂടിയ ആനുകൂല്യ അപേക്ഷകൾക്ക് യഥാസമയം തുക വിതരണം ചെയ്തുവരുന്നു.

കേരള തൊഴിലാളി ക്ഷേമനിധി ബോർഡിൽ വിവിധ ആനുകൂല്യ അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുകയും അപാകതയില്ലാത്ത അപേക്ഷകൾക്ക് പത്ത് ദിവസത്തിനുള്ളിൽ ആനുകൂല്യം അനുവദിച്ച് നല്കുകയും ചെയ്യുന്നു. ഇതു വഴി ബോർഡിൽ നിന്നുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി തൊഴിലാളികൾക്ക് നല്കാൻ കഴിയുന്നു.

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങളിൽ അപാകത ഇല്ലാത്ത അപേക്ഷകൾ പരിശോധിച്ച്, അപേക്ഷിക്കുന്ന മാസം തന്നെ ഡി.ബി.റ്റി മുഖേന അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുകയും ചെയ്യുന്നു.

കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് ബോർഡിൽ നിന്നും നൽകുന്ന പെൻഷനുൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ സമയബന്ധിതമായി നൽകി വരുന്നുണ്ട്.

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങൾക്ക് അംശദായം, അംശദായ കുടിശിക അടക്കൽ, പദ്ധതിയെക്കുറിച്ച് അറിയിപ്പ് നൽകൽ എന്നിവയ്ക്കായി ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നു. തൊഴിലാളികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച അപേക്ഷകൾ പരിശോധിച്ചു, ബന്ധപ്പെട്ട അപേക്ഷകർക്ക് അർഹമായ ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്തുവരുന്നു.

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് ക്ഷേമനിധി പദ്ധതിയിലൂടെ ലഭിക്കുന്ന ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭിക്കുവാൻ പെൻഷൻ ആകുന്ന തൊഴിലാളികൾക്ക് പെൻഷൻ ആകുന്നതിന് 3 മാസം മുൻപേ അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യം സോഫ്റ്റ് വെയറിൽ സജ്ജീകരിച്ചിട്ടുണ്ട്. ഓരോ മാസവും ലഭ്യമാകുന്ന അപേക്ഷകൾ അതത് മാസം തന്നെ തീർപ്പാക്കി ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ ഓഫീസുകൾക്കു കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് സമയബന്ധിതമായി അനുവദിക്കുന്നതിന് "നിധി" എന്ന പേരിൽ സോഫ്റ്റ് വെയർ സംവിധാനം നിലവിലുണ്ട്.

അനുവദിക്കപ്പെട്ട ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിന് DBT സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. രജിസ്റ്റർ ചെയ്ത തൊഴിലാളികൾ ജോലിയിൽ നിന്നും വിരമിക്കുമ്പോൾ ക്ഷേമനിധി പദ്ധതി പ്രകാരം അർഹത ഉള്ളവർക്ക് ക്ഷേമനിധി പെൻഷൻ അനുവദിക്കുന്നു. ഓരോ മാസത്തെയും പെൻഷൻ തുക തൊട്ടടുത്ത മാസത്തിലെ ആദ്യ ആഴ്ചയിൽ തന്നെ സമയബന്ധിതമായി ബാങ്ക് അക്കൗണ്ട് മുഖേനയും (ഓൺലൈൻ ആയി RTGS) മണി ഓർഡർ മുഖേനയും വിതരണം നടത്തിവരുന്നു.

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ ബന്ധപ്പെട്ട ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി അംഗത്വം നേടിയ തൊഴിലാളികൾക്ക് പദ്ധതി നിഷ്കർഷിക്കുന്ന ആനുകൂല്യങ്ങൾ സമയബന്ധിതമായി അനുവദിച്ച് നാളിതുവരെ ആനുകൂല്യ അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ